ഫ്രൈഡേ മെസേജ്

# സോഷ്യൽ മീഡിയയേക്കാളും വിശ്വാസ്യത കുറയുകയോ ഇന്ത്യയിലെ ദൃശ്യമാധ്യമങ്ങൾക്ക്!

പരിധിവിട്ട രാജഭക്തി കാരണം പല ചാനലുകളും ഇപ്പോൾ സംപ്രേക്ഷണം ചെയ്യുന്നത് വാർത്തകൾക്ക് പകരം കെട്ടുകഥകളാണ്. കോർപ്പറേറ്റ് ഭീമൻ മാരുടെയും ഫാഷിസ്റ്റ് വിഷജീവികളുടെയും ഇംഗിതത്തിനൊത്ത് കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കി യജമാനപ്രീതിക്കായി മത്സരിക്കുകയാണ് അവതാരകർ. അതിർത്തിയിലെ അതീവഗൗരവമുള്ള വിഷയങ്ങൾ പോലും എരിതീയിൽ എണ്ണയൊഴിക്കും വിധം ഊതിവീർപ്പിക്കാൻ ശ്രമിച്ചവർ രാഷ്ട്രീയയജമാനൻമാർക്ക് വേണ്ടി പൊതുബോധത്തെ അതിവൈകാരിക വിഷയങ്ങളിൽ തളച്ചിടുകയാണ്. രാജ്യത്തെ ഗ്രസിച്ച അഴിമതി ഉൾപ്പെടെയുള്ള ഒട്ടനവധി പ്രശ്നങ്ങളെ സൗകര്യപൂർവം മൂടിവെക്കുമ്പോൾ തകരുന്നത് ജനാധിപത്യം മാത്രമല്ല, മാധ്യമങ്ങളുടെ വിശ്വാസ്യത കൂടിയാണ്.

**SKSSF**
സംസ്ഥാന കമ്മിറ്റി
www.skssf.in

Writers forum
writersforum.skssf.in